(ഇ) ഈ സംരക്ഷണകേന്ദ്രത്തിന്റെ അതിർത്തി തിരിക്കുവാനായി റോഡ് വെട്ടിയ വകയിൽ എത്ര രൂപ ചെലവായിട്ടുണ്ട് ;

(എഫ്) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ കെട്ടിടങ്ങൾ കെട്ടുന്നതിനായി എത്ര രൂപ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ ആവശ്യത്തിനായി കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(ബി, സി, ഡി) ഉദിക്കുന്നില്ല.

(ഇ) ഈ സംരക്ഷണ കേന്ദ്രത്തിന്റെ അതിർത്തി തിരിക്കുവാനായി റോഡ് വെട്ടിയിട്ടില്ല.

(എഫ്) 10,85,516 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലെ പാതകം വെട്ടുവാനായി ചെലവഴിച്ച തുക

1349. [2022] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ പാതകം വെട്ടുന്നതിനായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ആനകൾക്കും മറ്റു മൃഗങ്ങൾക്കും കരിപ്പട്ടിയും ഉപ്പും കൊടുത്ത വകയിൽ ഇതുവരെ എത്ര രൂപ ചെലവായി ;

(സി) ഈ കേന്ദ്രത്തിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(ഡി) ഓരോ വർഷത്തേയും കണക്ക് പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,69,712.42 രൂപ ചെലവായിട്ടുണ്ട്.

(ബി) ആനകൾക്കും മറ്റു മൃഗങ്ങൾക്കും കരിപ്പട്ടി നൽകിയിട്ടില്ല. ഉപ്പിടീലിനു ആകെ 27,922.41 രൂപ ചെലയായിട്ടുണ്ട്.

(സി) 59,393 രൂപ 17 പൈസ ചെലവായിട്ടുണ്ട്.

(ഡി) 1985-86 സാമ്പത്തിക വർഷം മുതൽ മാത്രമാണ് പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ വികസന പ്രവർത്തനം നടപ്പാക്കി തുടങ്ങിയത്. ആ വർഷം ചെലവായ തുക മുകളിൽ (സി) നൽകിയിട്ടുണ്ട്.

പേപ്പാറ ഡാമിലെ ഷട്ടർ നിർമ്മാണംമൂലം വെള്ളത്തിൽ മുങ്ങാൻ സാദ്ധ്യതയുള്ള വനം

1350. [2023] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ അണക്കെട്ടിൽ പുതിയ ഷട്ടർ നിർമ്മിക്കുന്നതു കാരണം എത്ര ഹെക്ടർ വനം വെള്ളത്തിൽ മുങ്ങാൻ സാദ്ധ്യതയുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെതിരായി വനം വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിന് കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി കിട്ടിയിട്ടുണ്ടോ ;

(ഡി) അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഏകദേശം 292 ഹെക്ടർ.

(ബി) ഇക്കാര്യത്തിൽ വനം വകുപ്പിന് എതിർപ്പ് ഉണ്ടായിരുന്നുവെങ്കിലും, തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയായതുകൊണ്ട്, ഈ പദ്ധതിക്ക് സർക്കാർ തലത്തിൽ അനുമതി നൽകുകയാണുണ്ടായത്.

(സി, ഡി) പേപ്പാറ ഡാമിന് വനഭൂമി കൈമാറിയത് കേന്ദ്ര വന സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പാണ്. (1980-നു മുമ്പ്) വനസംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് ഏതെങ്കിലും പദ്ധതി ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ വീണ്ടും കേന്ദ്രാനുമതി തേടേണ്ട ആവശ്യമില്ല.

കോട്ടൂർ വനത്തിലെ ആദിവാസികളുടെമേൽ എടുത്ത കേസ്

1351. [2024] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് കോട്ടൂർ വനത്തിനുള്ളിലെ ആദിവാസികളുടെ മേൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കേസ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത കാലത്തായി എടുത്ത രണ്ടു കേസുകളുടെ വിവരം താഴെ കൊടുക്കുന്നു.

(1) പരുത്തിപ്പള്ളി റെയിഞ്ചിൽ യൂക്കാലിപ്റ്റസ് പ്ലാന്റേഷനിൽ പ്രവേശിച്ച്, യൂക്കാലിപ്റ്റസ് കഴകം വെട്ടിമുറിച്ച് വിറകായി നീക്കം ചെയ്യാൻ ശ്രമിച്ചതിന് വിക്രമൻ കാണി എന്നയാളുടെ പേരിൽ 1-8-1986-ൽ ഒരു കേസെടുത്തിട്ടുണ്ട്. 75 രൂപ യൂക്കാലിപ്റ്റസ് കഴകം വെട്ടി നശിപ്പിച്ചതുമൂലം സർക്കാരിന് നഷ്ടപ്പെട്ടിട്ടുണ്ട്.

(2) മ്ലാവെട്ടികാണി സെറ്റിൽമെന്റിൽ താമസിക്കുന്ന ശശിധരൻ കാണിയുടെയും ശാരംഗധരൻ കാണിയുടെയും പേരിൽ നെയ്യാർ വൈൽഡ് ലൈഫ് സങ്കേതത്തിൽ കോട്ടൂർ റിസർവിൽ നിന്നിരുന്ന ഒരു പച്ച ആഞ്ഞിലി മരം മുറിച്ച് വീഴ്ത്തിയതിന് 12-9-1986-ൽ ഒരു കേസ് എടുത്തിട്ടുണ്ട്. ഇതിൽ സർക്കാർ നഷ്ടം 600 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly